# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 | ലക്കം 6 | പേജുകൾ 32 | സെപ്റ്റംബർ 2026



## ജലം കവർന്ന ജീവിതങ്ങൾ

കഥ • കവിത • ലേഖനം • പുസ്തകപരിചയം • കാർട്ടൂൺ



പ്രബിത പ്രകാശ്



ശ്രീജ വിജയൻ



രേഖ സി.ജി.



ഉണ്ണികൃഷ്ണൻ കളമുള്ളതിൽ


JOS ALUKKAS
A TRADITION OF FINE JEWELLERY
NITYARA
Celebration in Diamond
ROUND EAST, THRISSUR. PH: 0487-2331812
Shop online at josalukkas.com




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# ജലം കവർന്ന ജീവിതങ്ങൾ


സൊനാലി ബോർഡറിന് ഇരുവശത്തുമായി ഇന്ത്യയും നേപ്പാളും. ലക്നോയിൽ നിന്നും ട്രാവലറിൽ, അയോധ്യയും കണ്ട് സൊനാലി ബോർഡറിൽ എത്തിയപ്പോൾ നേരം ഇരുട്ടിത്തുടങ്ങി. നേപ്പാളിലേക്കുള്ള പ്രവേശനാനുമതിക്ക് രേഖകൾ നൽകി കാത്തുനിൽക്കെ 16 അംഗ സീനിയർ സിറ്റിസൺ സംഘത്തിലെ ചിലർ, ഓൺലൈൻ വാർത്തകളിൽ നിറയുന്ന ദുരിത ചിത്രങ്ങൾ പരസ്പരം കൈമാറി.

'നേപ്പാളിൽ മിന്നൽ പ്രളയം' എന്ന തലക്കെട്ടോടെ വാർത്തകൾ പല കോണുകളിൽ നിന്നും.

കാത്മണ്ഡുവിനപ്പുറം തൃശൂലി നദിയിൽ മഞ്ഞുമല ഇടിഞ്ഞുണ്ടായ മിന്നൽ പ്രളയം എന്തുമാത്രം രൂക്ഷമാണെന്ന് അന്നേരം പൂർണ്ണ തോതിൽ അറിവായിരുന്നില്ല. എങ്കിലും കാത്മണ്ഡു ലക്ഷ്യം വെച്ചുള്ള തുടർ യാത്ര നടന്നേക്കില്ല എന്ന് ഞങ്ങൾക്ക് ബോധ്യമായി.



അതിർത്തിക്കടുത്തുള്ള ലുംബിനിയിൽ അന്ന് തങ്ങാമെന്നും സാഹചര്യം അനുകൂലമാകുമെങ്കിൽ രാവിലെ കാത്മണ്ഡു യാത്ര തുടരാമെന്നും ഞങ്ങൾ കണക്കുകൂട്ടി. തുടർന്നങ്ങോട്ട്, ഭീതിദമായ ചിത്രങ്ങളും വീഡിയോകളും വാർത്തകളും പെരുമഴ പോലെ വന്നെത്തുകയായി. നേപ്പാളിന് വലിയ ദുരിതം നേരിട്ടിരിക്കുന്നു എന്ന ബോധ്യം ഞങ്ങൾക്കുണ്ടായി. അതിനിടെ കാത്മണ്ഡു യാത്രയ്ക്ക് വിലക്ക് വന്നു.

മാസങ്ങൾക്ക് മുൻപേ പദ്ധതിയിട്ട യാത്രയുടെ മുഖ്യ ലക്ഷ്യത്തിലെത്താൻ കഴിയില്ലെന്ന അറിവ് നിരാശ പകർന്നതിനൊപ്പം, ഒരു വലിയ വിപത്തിന് നേർസാക്ഷ്യമാകാതെ സുരക്ഷിതരായല്ലോ എന്ന ആശ്വാസവും ഞങ്ങൾക്കുണ്ടായി.



നേരം പുലർന്നതോടെ സംഭവിച്ച വൻ വിപത്തിന്റെ വ്യാപ്തി ഏറെക്കുറെ അറിവായി. ആയിരങ്ങൾ ജലപ്രളയത്തിൽ ഒലിച്ചുപോയിരിക്കുന്നു. അടിത്തറ ഇളകി കൂറ്റൻ കെട്ടിടങ്ങളും നിലംപൊത്തി. ഇതെഴുതുമ്പോഴും ജലം കവർന്ന ജീവിതങ്ങൾ എത്രയെന്ന് തിട്ടപ്പെടുത്താനായിട്ടില്ലെന്ന് വിവരം.

**സി ആർ രാജൻ**
**എഡിറ്റർ**

# അകത്താളുകളിൽ


## കഥ
ഉണ്ണി ഭാസുരി ...................... പേജ് 17
കനുലാൽ ഷൺമുഖൻ ......... പേജ് 19
ദീപ എം.എൻ. ..................... പേജ് 23





## ലേഖനം
കമാൽ റഫീഖ് ................... പേജ് 25

## പുസ്തകപരിചയം
രവീന്ദ്രൻ മലയങ്കാവ് ............ പേജ് 26

## കാർട്ടൂൺ
എം. ആർ. ബാലചന്ദ്രൻ ........... പേജ് 5


## കുട്ടികളുടെ മഷിപ്പച്ച
വര, കവിത ....................... പേജ് 27

## കവിത
പ്രബിത പ്രകാശ് ................... പേജ് 6
ശ്രീജ വിജയൻ ..................... പേജ് 8
രേഖ സി.ജി. ....................... പേജ് 9
ഉണ്ണികൃഷ്ണൻ കളമുള്ളതിൽ പേജ് 10
ദർശന ............................. പേജ് 11
സെയ്തലവി വിളയൂർ ........... പേജ് 12
കയ്യുമ്മു കോട്ടപ്പടി ............... പേജ് 13
മുഹമ്മദ് ഉവൈസ് പുത്തൂർ .... പേജ് 14
നിബിൻ കള്ളിക്കാട് ............. പേജ് 15
കുഞ്ഞച്ചൻ മത്തായി ............ പേജ് 16

## ○ കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ
98461 57398

# കണ്ടിരിക്കെ, ലോകം ഇറങ്ങിപ്പോയ വിധം

കവിത



പ്രബിത പ്രകാശ്



## ഒന്ന്

കടല്!
മുപ്പത് കഴിഞ്ഞൊരു പെണ്ണ്
കലമ്പണ നാവും
ഒതുക്കല്യാത്ത ഉടലുമുള്ളോള്

പെറ്റെണീറ്റാൽ മെയ്യ് ചീർക്കുമെന്ന്
രണ്ടുള്ള് ഒറ്റയായ് പെടയ്ക്കുമെന്ന്
പുലമ്പിയവൾ തൊട്ടിലാട്ടുന്നു.

മണലുമുത്തി വരുമ്പഴൊക്കെ
ചത്തോര്ടെ കൂട്ടര് തന്ന അരീം
പാതിചത്തോര്ടെ നോവും കൂട്ടി
നീലടുക്കളേല് കഞ്ഞി വെക്കും.

കഞ്ഞിയാവാത്തേന് കറി വേവാത്തേന്
തൊട്ടും ഒഴിച്ചും കൂട്ടാനാവാത്തേന്
ഒന്നുമൊന്നും തെകയാത്തേന്
അയൽവക്കം നെരങ്ങാൻ പോയോള്
മുടിക്കുത്ത് നീറി തെറി കേൾക്കും.

മെയ്യൊഴുക്കം കൂട്ടാൻ
വാതിലുമുട്ടി വന്നോരൊക്കെ
ഏമ്പക്കം വിട്ട് ഒറങ്ങണ കണ്ട്
മൂപ്പിലാര് ഓളെ നോക്കി കണ്ണുതുറിക്കുന്നു
'ഒരുമ്പെട്ടോള്'



## രണ്ട്

എന്നെ തൊടണില്ലെന്ന്
പഴേപോലെ മിണ്ടണില്ലെന്ന്
കെട്ടിപ്പിടിക്കുമ്പൊ ഇറുക്കല്യാന്ന്
ചുണ്ടുമ്മകൾക്ക് ചൂടില്യാന്ന്
കരയിന്നും പരാതി പറഞ്ഞു.

നീറണെന്ന്.. പൊള്ളണെന്ന്..
ഓള് ഉപ്പിലാത്ത കണ്ണീരു കുടയണ കണ്ട്
കാതില്.. കഴുത്തില്.. ഇടുപ്പില്..
പൊടിമീനിലൊന്ന് ഇക്കിളിക്കാട്ടി
ഓരെ ആർത്തു ചിരിപ്പിക്കുന്നു.

'വന്നോരും നിന്നോരും പോയാലും
നെനക്ക് ഞാന്ണ്ട്ന്ന്'
ചുണ്ടു കോർക്കണു പൂഴി
ക്ടാവ് കരയണെന്ന് ഓള്.

## മൂന്ന്

രാത്രിയാ പെണ്ണൊരുത്തി
കാറ്റിലാണ്ടും തിരയോട് കലമ്പണു
വേഗം ഒറങ്ങാൻ നോക്ക്.....

ക്ടാവിന് മൊലയൂട്ടാണ്ട്
വാതിലുകൊട്ടി സാക്ഷയിടാണ്ട്
കുടിയേറിയോര്ടെ ഉള്ളും
വയറും നെറയ്ക്കാണ്ട്
ഓളൊരു മൂലേല് ചുരുളുന്നു.

പെണ്ണില്ലത്തിലെ പൂർവസൂരികളെല്ലാം
ഓര്ടെ ജനിതക വേരുതപ്പി
കടപ്പുറത്തിരുന്നു കാലുനീർത്തുന്നു.

നീറ്റലെല്ലാം കൂട്ടിക്കെട്ടിയെറിഞ്ഞാലും
തികട്ടി വന്നുടലിലൊഴുകുന്ന
ഓളന്നെ തായ് വേരെന്ന്

'മകാളേ'ന്ന് വിളിച്ചു
അല്ല! വേശ്യയെന്നല്ല!
മൂക്കള മേപ്പട്ടു വലിച്ച്
സാരിത്തലപ്പരയിൽ കുത്തി ഓളിറങ്ങി ചെന്നു.
വേരിറങ്ങാൻ അതാ ഒരു കര!

ഇറുക്കെ ഇനിയുമിറുക്കെ നൂലിഴ വിടവില്ലാണ്ട്
ഓരങ്ങനെ കെട്ടിപ്പിടിച്ചപ്പൊ
ഒരക്ഷരം മിണ്ടാണ്ട് ഈ –
ലോകമിതെങ്ങോട്ടിറങ്ങി പോയി....?

# പരിധിക്ക് പുറത്താണ്



ശ്രീജ വിജയൻ
94476 72678

ഒറ്റക്ക് നടന്നു തീർത്ത വഴികളിൽ
വിഷാദം കനച്ചെത്തും നേരങ്ങളിൽ .
ഓർമ്മകളിൽ ,
ഉഷ്ണക്കാറ്റേറ്റു നീറി
പുകച്ചുരുളുകൾ ഉയരുമ്പോൾ
സ്വയം നഷ്ടപ്പെടലാണ്,
പരിധിക്ക് പുറത്താക്കുന്നത്.

പ്രണയപരിധികളിലൊന്നിച്ചൊഴുകി
അലിഞ്ഞുചേർത്തതിനുബാക്കി
അകാരണമായൊരാൾ
അകന്നു പോകലാണ്
പരിധിക്ക് പുറത്താകൽ.

പറയാനേറെയുണ്ടായിട്ടും
വളരെ കുറച്ചു മാത്രം പറഞ്ഞിട്ടും
ഒരു വേള പരിഗണിക്കാതെ പോകലാണ്.

വ്യാകുല ഗന്ധമേറുന്ന
കുറിപ്പടികളിൽ
മൂന്നുനേരമെന്ന്
ജീവിതത്തെ അളന്നിടലാണ്.

ഒന്നിച്ചു കളിച്ച മൈതാനത്ത്
ആരും വരാനില്ലെന്നറിഞ്ഞിട്ടും
വിദൂരതയിൽ പ്രതീക്ഷിക്കലാണ്.

അടക്കിപ്പിടിച്ച
സ്നേഹ വളയങ്ങളിൽ നിന്ന്
ആയാസപ്പെട്ടിറങ്ങി വരലാണ്.

ഊഷ്മളത കുറഞ്ഞു പോകുന്നുവെന്നറിഞ്ഞ്
ആദ്യം വേണ്ടെന്നു
വയ്ക്കാനുള്ള തിരിച്ചറിവാണ്.

പുസ്തകക്കൂമ്പാരത്തിനിടയിലായിട്ടും
ഒരു വരി പോലും വായിക്കാനാവാതെ
യാകലാണ്.

ഒരുങ്ങിയിറങ്ങിയിട്ടും യാത്രമദ്ധ്യേ
പാദരക്ഷ നഷ്ടപ്പെട്ടു പോവലാണ്.
ഉപാധികളില്ലാതെ
നിന്റെ ഓർമകളിൽ
ജീവിക്കുമ്പോഴാണ്
പരിധികളില്ലാതെയാവുന്നത്.

# പനിച്ചുക്കിടക്കുന്ന വീട്



കവിത

ആകാശച്ചെരുവിന്റെ താഴ്‌വരയിൽ
ഒരു വീട്.
കാണാമിതിനുകീഴെ നിരയൊത്ത
വീടുകൾ, നിരത്തുകൾ
നിരത്തുകളിലൂടെ നടന്നുനീങ്ങുന്ന മനുഷ്യർ.
അരിവാൾ മൂർച്ചവയ്ക്കുന്ന
ഉരക്കല്ലിനേക്കാൾ അരമുള്ള വാക്കുകൾ
പിരണ്ടുവീഴുന്ന വീടിനകം.
തീക്കനലൂതി തിളച്ച ചായയിൽ
വിശപ്പാറ്റുന്ന ഉമ്മറപ്പടികൾ.
വേദനയുടെ ചതവുകളിൽ
അമർത്തിയടയ്ക്കുന്ന
കിരുകിരാശബ്ദമെടുക്കുന്ന വാതിലുകൾ.
വാതിലിനിടയിൽ ചിലന്തിവലയിലൂടെ
ചിലച്ചുകൊണ്ടോടുന്ന പല്ലി.
പണിമുടക്ക് പ്രഖ്യാപിക്കുന്ന
അടുക്കളച്ചുമരുകൾ.
അലക്കുകല്ലിലേക്കു വഴി കാണാതെ
അലസമായി ഊരിയിട്ടയുടുപ്പിന്റെ
വിയർപ്പുമണമിറ്റുന്ന ചായിപ്പ്.
ഒളിച്ചിരിക്കുന്ന ലഹരിയെന്ന
കൂട്ടിക്കൊടുപ്പുക്കാരന്റെ
ഒഴിഞ്ഞ വയറുകൾ.
മൗനവും മരണവും ഇണചേർന്ന
നിമിഷങ്ങളിൽ
പുളിമരക്കൊമ്പിൽ തൂങ്ങിയാടിയ
ഉടുമുണ്ട്.
ഒന്നുമറിയാത്തതുപോലെ
ആകാശത്തെ തൊടുന്ന പുളിമരം.
പടംപൊഴിച്ച നിഴലുകൾ
വെയിലിനൊടേറ്റുമുട്ടി മുറ്റത്ത്
തളർന്നുമയങ്ങുന്നു.
കർപ്പൂരദീപത്തിന്റെ പ്രഭയിൽ
ശ്മശാന ജനാലയ്ക്കരുകിൽ
നിമിഷങ്ങൾക്കകം പട്ടുപൊതിഞ്ഞ കുടം.
ആ ഒരു നിമിഷത്തിന്റെ ഏകാന്തതയിലാണ്
ആത്മഹത്യ ചെയ്ത ഒരുവന്റെ വീട്
ഇപ്പോഴുമവിടെ പനിച്ചുക്കിടക്കുന്നത്.



രേഖ സി.ജി
9846308526



# നക്ഷത്രങ്ങളുടെ പലായനം

കവിത

പിന്തിരിഞ്ഞു നോക്കിയ കണ്ണുകളിൽ
ഒരു നഗരം ആളിപ്പടരുന്നുണ്ടായിരുന്നു.
ചാരത്തോടൊപ്പം ചിറകടിച്ചുവരുന്ന കാറ്റിൽ
ചുട്ടെരിഞ്ഞ സ്വപ്നങ്ങളുടെ ഗന്ധം.
ഓടിയെത്തിയ ഇടങ്ങളിലും
നിഴലുകൾ മാത്രം ബാക്കിയാവുന്നു.

നാം എറിഞ്ഞുകളഞ്ഞ വാക്കുകൾ
തെരുവിന്റെ അറ്റത്ത് വീണുടയുന്നുണ്ട്.
ആരുമില്ലാത്ത വഴിവിളക്കിന് കീഴെ,
ആരുടെയോ കൈവിട്ടുപോയ
മൺപാത്രത്തിന്റെ കഷ്ണങ്ങൾ.
അതിലൊന്നു തൊടുമ്പോൾ
ഒരു പഴയ വീടിന്റെ വാതിൽ അടയുന്ന ശബ്ദം.

ഇരുട്ടിൽ ആരോ പേരുവിളിക്കുന്നു.
അതൊരു വിളിയല്ല,
പിന്നിൽ ഉപേക്ഷിച്ച കാടിന്റെ മൂളലാണ്.
തിരിഞ്ഞുനില്ക്കുമ്പോൾ
മുന്നിൽ തെളിയുന്നത്
മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തൊരു മുഖം.
ഏറ്റവും പ്രിയപ്പെട്ടതെന്ന് കരുതിയത്
ഏതോ കാറ്റിൽ അലിഞ്ഞുപോകുന്നു.
അതിർത്തിയെഴുന്ന കണ്ണുകൾക്കിടയിൽ
വാക്കുകൾ തണുത്തുറയുന്നു.

കൈയിലെടുക്കാൻ ഒന്നുമില്ല;
മൺതരികൾ വിരലിടുക്കിലൂടെ ചോർന്നുപോകുന്നു.
നഷ്ടപ്പെട്ടതിനെയെല്ലാം ഓർത്ത്
കരയാൻ ഒരു കണ്ണീർത്തുള്ളി പോലും ബാക്കിയില്ല.
വഴിയുടെ അവസാനം ഒരു കടൽ കാത്തുകിടപ്പുണ്ട്;
അതിൽ താഴ്ന്നുപോയ തോണികളുടെ പാടുകൾ.

മുന്നിൽ വിരിയുന്ന വെളിച്ചം
ഒരു പുതിയ പുലരിയുടേതല്ല,
അതൊരു തുടർച്ച മാത്രമാണ്.
ചുമലിൽ ഭാരമുള്ളൊരു ഓർമ്മയും പേറി,
ഇനിയും നടന്നുതീർക്കാത്ത
തീരങ്ങളിലേക്ക് ഞാൻ നടക്കുന്നു.
പിന്നിൽ, ആരും കാണാതെ
ഒരു പ്രഭാതനക്ഷത്രം കെട്ടടങ്ങുന്നു.



**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
**9400317472**

കവിത





ദർശന
9645748219

# ഓജോ ബോർഡ്

രാത്രിയിൽ എന്റെ മുറിയൊരു ഓജോബോർഡാകും .
അമ്പത്തൊന്നക്ഷരങ്ങളിൽ മയങ്ങിക്കിടക്കുന്ന
ഭൂതപ്രേതപിശാചുക്കൾ അന്നേരം ഉയിർത്തെഴുന്നേല്ക്കും .

മയക്കത്തിലാണ്ട ശരീരത്തിൽ നിന്നും
എന്റെ പ്രാണൻ അവരോട് സംവദിക്കും!

ചൂണ്ടുവിരലിന്റെ ചലനങ്ങളിലൂടെയാണ്
ഞാൻ അവരെ നിയന്ത്രിക്കുന്നത്.
(എന്നെ രഹസ്യമായി നിരീക്ഷിക്കുമ്പോൾ
നിങ്ങളത് കണ്ടിരിക്കും).

അവർക്കറിയാം എൻറെ വിരലുകൾക്ക്
മാന്ത്രിക ശക്തിയുണ്ടെന്ന്. അതിൽനിന്നും ഉതിരുന്ന
അഗ്നിനാളങ്ങൾ വരയ്ക്കുന്ന മാന്ത്രിക
വൃത്തങ്ങളിൽ ഞാൻ അവരെ തടവിലാക്കിയിരിക്കുകയാണ്.

ചില മനുഷ്യരുണ്ട്, അവരോട് സംവദിക്കാൻ
പൊതുവെ എനിക്ക് താല്പര്യമില്ല, എന്തെന്നാൽ
അവർ സ്വാർത്ഥരാണ്,
എന്റെ ചിന്തകളെ അവർ ദുർവ്യാഖ്യാനം ചെയ്തുകളയും!
തീവ്രവാദിയാക്കി മുദ്രകുത്തും.
രാജ്യദ്രോഹി എന്ന കിരീടം ചാർത്തും.

എന്റെ ഭൂതപ്രേതപിശാചുക്കൾ വളരെ സമർത്ഥൻമാരാണ്.
അവർക്ക് നിങ്ങളുടെ ഉള്ളിലേക്കുള്ള വഴികൾ അറിയാം
( നിങ്ങൾക്കും ഭൂതപ്രേതപിശാചുക്കളെ
വളരെ ഇഷ്ടമാണ് എന്നെനിക്കറിയാം)

അവർ നിങ്ങളുടെ മസ്തിഷ്കങ്ങളെ
പ്രക്ഷാളനം ചെയ്യും.

എന്റെ വിരലുകൾ സൃഷ്ടിക്കുന്ന
മന്ത്രങ്ങളിലേക്ക് നിങ്ങളെ ആകർഷിക്കും .

എന്റെ വാക്കുകളിൽ നിങ്ങൾ ഒരു
മാത്രയെങ്കിലും കുടുങ്ങിക്കിടക്കുന്നത് അതുകൊണ്ടാണ്.

വരൂ, എന്റെ ഓജോ ബോർഡിലേക്ക് ,
നമുക്ക് അക്ഷരങ്ങളാൽ അഗ്നി പടർത്താം.

കവിത

# കുളിസീൻ



വീട്ടിലൊരു മുറി
ആരുമെത്തിനോക്കാത്തവിധം
മാറുമറച്ച്
പതിയെ കുളിപ്പുരയാകുന്നു..

തേച്ചുരച്ചുകഴുകുന്നതിനിടയിൽ,
പെൺമണത്തിനായി ശ്വാസമടക്കിപ്പിടിക്കുന്ന മൂക്കുകളെ
കർപ്പൂരഗന്ധം
ഖബറിനരികിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു..

ആരും കണ്ടിട്ടില്ലാത്ത
അവളിടങ്ങളിലെ മറുകുകളെ പരതുന്നുണ്ട്,
കുളിപ്പിക്കുന്ന പെൺപരദൂഷണങ്ങൾ...

മാദകത്വം മറച്ചുവെച്ച
കച്ചകൾ വകഞ്ഞുമാറ്റുമ്പോൾ,
ശവംതീനിപ്പുഴുക്കൾ
അവളുടെ മാറിൽ
ഭീകരചിത്രം വരച്ചിടുന്നു...

മുറിയിലൊരു ചെറുപുഴ രൂപപ്പെടുമ്പോഴും,
പണ്ട് വഴിനടന്ന ആൺകുരകളുടെ ഓർമ്മകൾക്കു മുന്നിൽ
അവളുടെ കൈകൾ പതിയെ മാറിലേക്ക് നീളുന്നു.

ഒടുവിലവൾ തുവർത്തി,
കഫൻപുടവയണിഞ്ഞു പുറത്തിറങ്ങിയപ്പോൾ
ഒളിഞ്ഞുനോക്കിയവരും
യാസീൻ ഉരുവിടുകയായിരുന്നു.



സെയ്തലവി വിളയൂർ
9846089211

# നനഞ്ഞു കുതിർന്ന കണ്ണുകളിലാണിപ്പോൾ വെളിച്ചം!.

കവിത



**കയ്യുമ്മു കോട്ടപ്പടി**
**97473 94950**

ഒരു കുഞ്ഞ് ഒന്നും
അറിയാത്ത ഒരു കുഞ്ഞ്!
എന്നോ ഒരിക്കൽ
ഒരു കുട്ടിക്കാലത്ത്
എവിടെയൊ നഷ്ടപ്പെട്ട
ഒരോർമ്മ!

കുടുംബം എത്രമാത്രം
ഇഷ്ടപ്പെട്ടതാണെന്ന്
കത്തിക്കരിഞ്ഞ ജീവിതത്തിലും
ഞാനത് കാണുന്നുണ്ട്!

എന്നെ വല്ലാതെ ഭയപ്പെടുത്തുന്നു!
നോവിച്ചു വിട്ട ഒരോർമ്മയിലൂടെ
ഞാനറിയുന്നുണ്ട് !



മുഷിഞ്ഞ സഞ്ചിയിലെ
പുസ്തകക്കെട്ടിൽ
ചോർന്നൊലിച്ച ,
പഴകിയ മണം ഇന്നെന്റെ
മനസ്സ് നനക്കുന്നുണ്ട്!


കുട്ടിക്കാലത്താണെങ്കിൽ
കൂട്ടുകാരുമൊത്ത്
ഒന്നു ചുറ്റിത്തിരിഞ്ഞ്
നിലാവിലേക്ക് ഓടിപ്പോകാമായിരുന്നു.....
അമ്മയുടെ മുടിത്തുമ്പി
ലൊളിക്കാമായിരുന്നു...
പക്ഷെ,
ഇന്നെന്റെ മടിക്കുത്തിൽ
ചേറുള്ള മണമില്ല!
നിലാവത്തൊളിക്കാൻ
തളരാത്ത കാലുകളില്ല!
കാലം തന്നു വിട്ട സൗകര്യത്തിൽ
മൂടിപ്പുതച്ചുറങ്ങാനും ആയില്ല!

ഞാനെല്ലാം അറിഞ്ഞു കൊണ്ട്,
മറന്നു ജീവിക്കുന്നു!
എല്ലാം ഓർമ്മകളാൽ മൂടുന്നുണ്ട്!
മറന്നിട്ടു പോയി എന്ന് വിചാരിക്കുന്നവരുടെ
വിചാരം തെറ്റിക്കാനും
ഞാനൊരുക്കമല്ല !
ഗൃഹ പാഠത്തിൽ നിന്ന്
പഠിച്ച അറിവാണ്
എന്റെ പഠനവും അറിവും! അതിനപ്പുറം
എനിക്കൊരു പാഠവും ഇല്ല! ഒരറിവും ഇല്ല!

എനിക്ക് ഞാനായി ജീവിക്കാനാണിഷ്ടം!
ആ നനഞ്ഞ കണ്ണുകളിലെ
മിഴിനീരാണെന്റെ വെളിച്ചം!

# പെൺകുട്ടി

കവിത



**മുഹമ്മദ് ഉവൈസ് പുത്തൂർ**
77360 90741

നഗരത്തിലെ കലോത്സവത്തിനായി
പതിവുപോലെ അവളെത്തി.

വിഷയം കിട്ടി: പെൺകുട്ടി.

നന്നായി വരയ്ക്കാൻ
കഴിയുമെന്ന പ്രതീക്ഷയിൽ
അവൾ പേനയനക്കി.

ഒരു വൃത്തം വരച്ചതോടെ
അവളുടെ ചിന്തകൾ എവിടേക്കോ അലക്ഷ്യമായി
സഞ്ചരിച്ചു.

പൂർണ്ണതയിലെത്താത്ത നിലവിളികൾ
അവളെ പിന്തുടർന്നു.

ഒരു വൃത്തത്തിലൊതുക്കിയ അവളുടെ വരയെ നോക്കി
വിധികർത്താവ് പറഞ്ഞു:

‘ആധുനിക കാലത്തെ
പെൺകുട്ടികളുടെ അവസ്ഥ
കേവലം ഒരു വൃത്തത്തിലൂടെ
പ്രതീകാത്മകമായി ആവിഷ്കരിച്ച
പ്രതിഭയ്ക്ക് പ്രത്യേക അഭിനന്ദനങ്ങൾ!’

# ഒരു പ്രണയ കവിത



അന്ധരാത്രിയിൽ
ആത്മാവിന്റെ
ഇത്തിരി വെളിച്ചത്തിൽ
ആത്മഹത്യ ചെയ്ത
സ്വപ്നങ്ങളിൽ ഞാൻ
നിന്നെ തിരയുന്നു ,

ഓർമ്മയിൽ നീ
നിന്നിലൊരു ഗ്രീഷ്മമായി
എന്നെ ഭ്രമിപ്പിക്കുന്നു .
നീയെന്ന വസന്തം
എന്നിൽ സ്വപ്നത്തിൻ
മൊട്ടുകൾ പൂവിടുന്നു ,

നിന്റെ നോട്ടത്തിന്റെ
ശരത്കാലങ്ങൾ
എന്നെ തണുപ്പിക്കുന്നു,
നിൻ ഹേമന്തമൗനം
പുണർന്നെന്റെ -
ജീവൻ നിൽക്കുന്നു ,

എന്റെ ഇഷ്ടത്തിന്റെ
കണ്ണീർ വർഷത്തെ
നീ പറഞ്ഞ വാക്കിന്റെ
വിരഹത്തിൽ പൊള്ളുന്ന
വേനലുണക്കിയിട്ടില്ല ,

വൈകിപ്പോയെന്ന
പരിഭവമില്ലാതെ
ഋതുക്കൾ കാലത്തിൽ
മടങ്ങുമ്പോലെ ഞാനും
നിന്നിലേക്കായുന്നു,

അപ്പോഴും കാലം പറയും
'ജീവിതമങ്ങനെയാണ്...
പിരിഞ്ഞുപോയതിൽ
പിന്നെ യാത്ര ചോദിക്കാൻ
ഒരു ഹൃദയമിടിപ്പിന്റെ
പാളത്തിലൂടെ
അനുവാദമില്ലാതെ
യാത്ര തുടങ്ങും...'

വെറുപ്പിന്റെ അവസാന -
വരമ്പിൽ മടുത്ത്
ഇഷ്ടത്തിന്റെ നോട്ടം
മനസ്സിൽ തോന്നുമെങ്കിൽ

അപ്പോഴേക്കും
ഒരു വിളിപ്പാടിന്റെ ദൂരം
നമ്മളിൽ നാം

കാണാത്ത ജീവന്റെ
ജീവിതവും മരണവും
നൽകി ചിരിക്കും ...,

ആ ചിരിയിൽ നഷ്ടമായ
നിഴലുകളുടെ നൃത്തം
ഉന്മാദത്തിന്റെ പ്രേമരംഗം
ചിത്രം വരയ്ക്കും .

അപ്പോഴും നീയാ ചിത്രവും
നോക്കി പരിഭവിയ്ക്കും...

മോഹം മരിക്കും വരെ
ഓർമ്മ മരിക്കും വരെ
മരണം ജനിക്കും വരെ
നമ്മൾ പരസ്പരമന്നും
ഓർത്തെന്നുവരാം ,..

പറയാൻ വൈകിയ
വാക്കുകളുടെ ദൂരം -
കണ്മുന്നിലന്നു മാത്രം
കുറഞ്ഞു കുറഞ്ഞുവരും !

ഒരിക്കൽ തനിച്ചാക്കി
മറന്നുവച്ചു പോകേണ്ട
മനസ്സിലെയോർമ്മയിൽ
നീ എന്നെ മനസ്സിൽ
മറന്നുവയ്ക്കുമ്പോൾ

വിരഹ നിമിഷത്തിന്റെ
ക്ഷമാപണത്തിൽ നിന്നും
ഒന്നും പിന്നെ നമ്മൾ
മിണ്ടാതിരുന്നിട്ടില്ലെന്ന്
മൗനം പതിയെ പറയും ,

നീയെന്ന സ്വപ്നത്തിന്റെ
ഘോഷയാത്രയിലായിരുന്നു
എന്റെ ജീവിതമെന്ന്
അവസാന നിമിഷത്തെ
എന്റെ മരണം പറയും ,

ഓർമ്മയുടെ ശ്വാസങ്ങൾ
വഴിയാത്രക്കാരാകുന്ന
മനുഷ്യന്റെ യാത്രയിൽ
നീ തനിച്ചായിരിക്കും ,

നമ്മൾ ജീവിക്കാതെ
പോയൊരു ജീവിതം
അപ്പോഴും നിന്നെനോക്കി
കൈവീശി യാത്രയാക്കും..!



**നിബിൻ കള്ളിക്കാട്**
9961582667

കവിത

# ജീവിതലാസ്യം

ഇനി
കാത്തിരിക്കാൻ
വയ്യ
അവൾ
വരുമെന്ന്
പ്രതീക്ഷയും
നഷ്ടപ്പെട്ടു.



**കുഞ്ഞച്ചൻ മത്തായി**
**7736302949**

ഞാൻ നടക്കുകയാണ്
എന്റെ
ഊന്നുവടിയുമായി
വടക്കോട്ട് ലക്ഷ്യമിട്ട്

കാലമെഴുതി
തള്ളിയ
പുരാവസ്തു
ഇനി ആർക്കാണ് ആവശ്യം ?

പുതിയ വരവിനോട്
അഭികാമ്യം
അനുഭവിച്ചറിയുമ്പോൾ
കലക്കവെള്ളത്തിലെ
മത്സ്യത്തെയാണ്
കൈപ്പൊത്തി
പിടിച്ചതെന്ന്
ഒരിക്കലെങ്കിലും
ഓർമ്മയിൽ
നൃർത്തം വയ്ക്കും

ഇന്നേവരെയും
നിർമ്മലമായൊരു
ജീവിതം
ഒരു നാരിയോ
ഒരു നരനോ കിട്ടി എന്നത്
ഇന്നേവരെ
ഒരു നിഘണ്ടുവിലും
പറഞ്ഞിട്ടുമില്ല
സത്യവിശ്വാസത്തോട്
കെട്ടി മേയുന്നോരു പുര മാത്രം



# വേരുകൾ നഷ്ടപ്പെടുമ്പോൾ



ഉണ്ണി ഭാസുരി ഗുരുവായൂർ
9847429977

കഥ



**ക്ലോ**ക്കിലെ സൂചികൾ രാത്രി പന്ത്രണ്ടിലേക്ക് നീങ്ങിക്കൊണ്ടിരുന്നു. ആ വലിയ തറവാട്ടു വീടിയുടെ പൂമുഖത്തിരുന്ന് മാധവൻ മേനോൻ ഉമ്മറത്തെ ഇരുട്ടിലേക്ക് നോക്കി. അദ്ദേഹത്തിന്റെ കൈകളിൽ ഒരു പഴയ ഡയറിയും കണ്ണുകളിൽ വറ്റാത്ത പ്രതീക്ഷയും ഉണ്ടായിരുന്നു. നഗരത്തിലെ വലിയൊരു ഐ.ടി കമ്പനിയിൽ ഉയർന്ന ഉദ്യോഗസ്ഥനായ മകൻ ദീപക്, രണ്ടു ദിവസത്തെ അവധിക്ക് നാട്ടിൽ വന്നിട്ട് ഇന്ന് രാത്രിയോടെ തിരിച്ചു പോവുകയാണ്.

വർഷങ്ങൾക്ക് ശേഷമാണ് അവൻ നാട്ടിൽ വരുന്നത്. പക്ഷേ, വന്ന നിമിഷം മുതൽ അവന്റെ കണ്ണുകളും വിരലുകളും ലാപ്ടോപ്പിലും മൊബൈൽ ഫോൺ സ്ക്രീനിലും മാത്രമായിരുന്നു ഒതുങ്ങിനിന്നത്.

‘മോനേ... ദീപകേ...‘ മാധവൻ മേനോൻ പതുക്കെ വിളിച്ചു.

‘എന്താ അച്ഛാ? ഞാൻ ഒരു പ്രധാനപ്പെട്ട ഓഫീസ് മീറ്റിംഗിലാണ്, ദയവായി ഇപ്പോൾ എന്നെ ശല്യപ്പെടുത്തല്ലേ,‘ ഫോണിൽ നിന്ന് കണ്ണ് എടുക്കാതെ ദീപക് അല്പം ദേഷ്യത്തോടെ പറഞ്ഞു.

അച്ഛൻ ഒന്നും മിണ്ടിയില്ല. താൻ ഏറെ കൊതിയോടെ മകനായി ഉണ്ടാക്കിവെച്ച പലഹാരങ്ങളും, അവൻ ചെറുപ്പത്തിൽ കേൾക്കാൻ ഇഷ്ടപ്പെട്ടിരുന്ന വിശേഷങ്ങളും എല്ലാം ആ വൃദ്ധന്റെ ചുണ്ടുകളിൽ തന്നെ ഒതുങ്ങിപ്പോയി. ഭാര്യയുടെ വിയോഗത്തിന് ശേഷം ഈ മകനായിരുന്നു അദ്ദേഹത്തിന്റെ ലോകം. എന്നാൽ ഇന്ന് മകന്റെ ഡിജിറ്റൽ ലോകത്ത് അച്ഛന് ഒരിടവും ഉണ്ടായിരുന്നില്ല.

രാത്രി ഒരു മണിയോടെ മകന് നഗരത്തിലേക്ക് പോകാനുള്ള ടാക്സി വന്നു. യാത്ര പറയാൻ നേരം മാധവൻ മേനോൻ മകന്റെ കൈകളിൽ തുണിയിൽ പൊതിഞ്ഞ ഒരു ചെറിയ പെട്ടി ഏൽപ്പിച്ചു. ‘മോനേ, ഫ്ലാറ്റിൽ എത്തിയിട്ട് തിരക്കൊക്കെ കഴിഞ്ഞു ഇത് തുറന്നു നോക്കിയാൽ മതി...‘ ഒരു നേർത്ത പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു. ദീപക് അത് അലസമായി തന്റെ ബാഗിലേക്ക് വെച്ചു, അച്ഛന്റെ മുഖത്തേക്ക് നോക്കുക പോലും ചെയ്യാതെ വണ്ടിയിൽ കയറിപ്പോയി.

ആഴ്ചകൾ കടന്നുപോയി. നഗരത്തിലെ തിരക്കുകൾക്കിടയിൽ ദീപക് ആ പെട്ടിയെക്കുറിച്ച് പൂർണ്ണമായും മറന്നു. നാട്ടിൽ നിന്ന് അച്ഛൻ വിളിച്ച ഫോൺ കോളുകൾ പലതും ‘ബിസിയാണ്‘ എന്ന് പറഞ്ഞ് അവൻ കട്ട് ചെയ്തു.

ഒരു ശനിയാഴ്ച പുലർച്ചെ ദീപകിനെ തേടി നാട്ടിൽ നിന്നും ആ ഫോൺ കോൾ എത്തിമാധവൻ മേനോൻ ഉറക്കത്തിൽ തന്നെ ഈ ലോകത്തോട് വിടപറഞ്ഞു.

തകർന്നുപോയ മനസ്സോടെ നാട്ടിലെത്തിയ ദീപക്, അച്ഛന്റെ ചിതയ്ക്ക് തീ കൊളുത്തുമ്പോൾ മാത്രമാണ് താൻ ചെയ്ത തെ

റ്റിന്റെ ആഴം മനസ്സിലാക്കിയത്. അച്ഛൻ തന്നോട് സംസാരിക്കാൻ കൊതിച്ചപ്പോഴൊക്കെ താൻ ആ മുഖത്തേക്ക് നോക്കാൻ പോലും സമയം കണ്ടെത്തിയില്ലല്ലോ എന്നോർത്ത് അവൻ വിങ്ങിപ്പൊട്ടി.

ചടങ്ങുകളെല്ലാം കഴിഞ്ഞ് തിരികെ ഫ്ലാറ്റിലെത്തിയ ദീപക്, അലമാരയുടെ മൂലയിൽ ഇരുന്ന ആ പഴയ തുണിപ്പൊതി എടുത്തു. വിറയ്ക്കുന്ന കൈകളോടെ അവൻ അത് തുറന്നു. അതിൽ അവന്റെ കുട്ടിക്കാലത്തെ ചിത്രങ്ങളും, ദീപകിന്റെ പേരിൽ അച്ഛൻ ബാങ്കിൽ സമ്പാദിച്ച ചെറിയൊരു പാസ്ബുക്കും, കൂടെ ഒരു കത്തും ഉണ്ടായിരുന്നു.



കണ്ണീരോടെ ദീപക് ആ കത്ത് വായിക്കാൻ തുടങ്ങി:

'പ്രിയപ്പെട്ട മകന്,

നീ വളർന്നു വലിയ നിലയിലായതിൽ ഈ അച്ഛന് ഒരുപാട് അഭിമാനമുണ്ട്. നീ തിരക്കിലാണെന്ന് എനിക്കറിയാം. ഇന്നത്തെ കാലത്ത് നിങ്ങളുടെ ലോകം ആ ചെറിയ ഫോണിനുള്ളിലാണെന്നും ഞാൻ മനസ്സിലാക്കുന്നു. നിന്റെ വിരൽത്തുമ്പിലെ ആ ലോകം നിനക്ക് പണവും പ്രശസ്തിയും തരുമായിരിക്കും മോനേ... പക്ഷേ, വാർദ്ധക്യത്തിൽ ഒറ്റപ്പെട്ടുപോകുന്ന മാതാപിതാക്കളുടെ ഹൃദയത്തിലെ സങ്കടം അളക്കാൻ ഒരു സാങ്കേതികവിദ്യക്കും കഴിയില്ല. നീ എന്നോട് സംസാരിക്കാൻ തരാത്ത ആ സമയമത്രയും ഞാൻ ഈ മുറിയിൽ നിന്റെ കുട്ടിക്കാലം ഓർത്ത് കരയുകയായിരുന്നു. നീ നന്നായി ജീവിക്കുക. അച്ഛന്റെ അനുഗ്രഹങ്ങൾ എപ്പോഴും കൂടെയുണ്ടാകും.'

കത്ത് നെഞ്ചോട് ചേർത്ത് പിടിച്ച് ദീപക് അലറിക്കരഞ്ഞു. പക്ഷേ, ആ കണ്ണീര് തുടയ്ക്കാനും 'സാരമില്ലെടാ' എന്ന് പറയാനും ഇനി ആ അച്ഛന്റെ കൈകൾ വരില്ലായിരുന്നു.

●

# നിയോഗം

കഥ



**കനുലാൽ ഷണ്മുഖൻ**
**8884759130**



ഏകദേശം നാല് മണിയോടടുത്ത് കാണും വേണു പതിയ സെല്ലിൽ നിന്നും പുറത്തേക്കിറങ്ങി.. ഓരോരുത്തരോടായി യാത്ര പറഞ്ഞു.

കവാടത്തിന്റെ അടുത്തെത്തി.. “വേണുഗോപാൽ അല്ലേ.. ദേ ഇവിടെ ഒപ്പിട്ടോളൂ.. ഇതാ നിങ്ങൾ ഇവിടെ വന്നപ്പോൾ ഉള്ള വസ്ത്രം.. കുറച്ചു തുകയും..”

വേണു ഒപ്പിട്ടു പുറത്തേക്കിറങ്ങി... ജയിലിന്റെ കവാടം അവനു വേണ്ടി തുറന്നു.. ഏഴ് കൊല്ലം കഴിഞ്ഞു അയാൾ പുറത്തിറങ്ങുകയാണ്...

ചെയ്തതിൽ മനസ്താപമില്ല.. തെറ്റ് ചെയ്തതായി തോന്നിയിട്ടില്ല.

അത് ആവശ്യമായിരുന്നു.. ഇല്ലെങ്കിൽ അയാൾക്ക് തന്റെ അമ്മയെ നഷ്ടപ്പെടുമായിരുന്നു..

അച്ഛൻ ആ പേരിന്റെ അർത്ഥം പോലും അറിയാത്ത ഒരാളായിരുന്നു വേണുവിന്റെ പിതാവ്..

സ്വന്തം കുഞ്ഞിനെ അയാൾ സംശയിച്ചു തനിക്കുണ്ടായതല്ല എന്നായിരുന്നു അയാളുടെ ഭാഷ്യം..

അമ്മയെ നിരന്തരം അടിച്ചു..

ഒരു നാൾ കുടിച്ചു വന്നു ബഹളമുണ്ടാക്കി.. അമ്മയെ പൊതിരെ തല്ലി കൊണ്ടിരുന്നു..

സഹിച്ചില്ല.. അടുക്കളയിലിരുന്ന വെട്ടുകത്തി എടുത്തു ഒന്നു വീശി.. തല മറിഞ്ഞയാൾ വീണു..

“മോനെ നീ എന്താടാ ചെയ്തേ.. ഇനി നിന്റെ ഭാവി എന്താകും..”

അമ്മ നിലവിളിച്ചു കൊണ്ട് പറഞ്ഞു..

ആ സമയത്ത് അതൊന്നും ഓർത്തില്ല.

അമ്മയെ പറ്റി മാത്രം താൻ ഏറ്റവും അധികം സ്നേഹിക്കുന്ന തന്റെ പെറ്റമ്മയെ ദ്രോഹിക്കുന്നത് കണ്ടപ്പോൾ അവനു സഹിച്ചില്ല..

അങ്ങനെ തന്റെ 18 മത്തെ വയസ്സിൽ വേണു കൊലപാതകിയായി..

ഇപ്പോൾ ജയിലിൽ നിന്നും പുറത്തു കടക്കുമ്പോൾ പശ്ചാത്താപമില്ല.

ഇനി ഒരു തിരിച്ചു വരവ് ഇല്ല.

ഇനി ബസ്സ്റ്റാൻഡ് പിടിക്കണം.. കോട്ടയത്തെത്തണം.. വീട് പിടിക്കണം..

ഒരാൾ അവിടെ കാത്തിരിപ്പുണ്ട് അമ്മ...

അച്ഛൻ.. അയാളെ ഞാൻ അങ്ങനെ വിളിക്കില്ല.. വിളിച്ചിരുന്നു.. പണ്ട്..

അയാൾ എന്നെ "പിഴച്ചുണ്ടായവനെ" എന്നാണ് വിളിച്ചിരുന്നത്.. സ്വന്തം കുഞ്ഞായിരുന്നിട്ട് പോലും..

അയാൾക്ക് വേറെ പലയിടത്തും ബന്ധങ്ങൾ ഉണ്ടായിരുന്നതായി അമ്മ പറഞ്ഞു കേട്ടിട്ടുണ്ട്..

അമ്മയെ പറ്റിച്ചു കെട്ടി കൊണ്ട് വന്നതായിരുന്നു..

പാവം അതിൽ വീണു പോയി..

മുഴു കുടിയനായിരുന്നു..

ബീവറേജിലായിരുന്നു ജോലി..

എന്നും വഴക്കായിരുന്നു..

"ഞാൻ അയാളെ പോലെ അല്ല" എന്നും പറഞ്ഞു.

ആദ്യമൊക്കെ നല്ല സ്നേഹമായിരുന്നു.. വളർന്നു വരുന്തോറും അത് കുറഞ്ഞു വന്നു.

ജയിലിൽ നിന്നും ഇറങ്ങി നേരെ കോവളത്തേക്ക് വെച്ച് പിടിച്ചു..

ഒരു പാട് നാളായി കടല് കണ്ടിട്ട്.. പരോളിൽ ഇറങ്ങിയപ്പോൾ പോലും അതിന് പറ്റിയിട്ടില്ല...

കയ്യിൽ ആകെ ഉള്ളത് കുറച്ചു കാശ് മാത്രം..

ഇനി എല്ലാം ഒന്നിൽ നിന്ന് തുടങ്ങണം..

എത്താൻ കുറച്ചു ലേറ്റ് ആകുമെന്ന് ജ



യിലിലെ ഉദ്യോഗസ്ഥന്റെ കയ്യിലെ മൊബൈലിൽ നിന്ന് വിളിച്ചു അമ്മയോട് പറഞ്ഞിരുന്നു.

അയാളെ കൊന്നപ്പോൾ ജോലി കിട്ടിയത് അമ്മക്കാണ്...

അമ്മ പിന്നെ കല്യാണം കഴിച്ചില്ല.. മതിയായിരുന്നു..

വേറൊരു വിവാഹത്തിന് അമ്മക്ക് മനസ്സ് വന്നില്ല..

അമ്മ ഇടക്കൊക്കെ ജയിലിൽ വരുമായിരുന്നു..

നല്ല നടപ്പിന്റെ ഗുണം എനിക്ക് കിട്ടി.. 8 വർഷം എന്നുള്ളത് 7 കൊല്ലമായി ചുരുങ്ങി..

അമ്മക്ക് ഇപ്പോൾ പ്രൊമോഷൻ ഒക്കെ ആയി..

ഞാൻ മാത്രമാണ് അമ്മയുടെ ഏക പ്രതീക്ഷ..

ഇന്നിപ്പോൾ സാമ്പത്തികം ഒന്നു കൂടുതൽ മെച്ചപ്പെട്ടു.

എല്ലാം അയാൾ മരിച്ച കാരണം  അല്ല, അയാളെ കൊന്നത് കാരണം..

പക്ഷെ "തന്തയെ കൊല്ലി" എന്ന പേര് കിട്ടി..

പക്ഷെ ആൾക്കാർക്കെല്ലാം അറിയാമായിരുന്നു അയാളുടെ സ്വഭാവം..

എല്ലാവർക്കും പേടിയായിരുന്നു അയാളെ.. തനി ഗുണ്ട..

എന്നാലും ഞാൻ ഈ ലോകത്ത് ജനിക്കാൻ കാരണക്കാരൻ അയാളല്ലേ...

അതിന് അയാളോട് നന്ദി പറയാതെ പറ്റില്ല.

ജയിലിൽ ആയിരിക്കുമ്പോൾ ഞാൻ ധാരാളം കവിതകൾ എഴുതി..

ചിലതൊക്കെ മാസികകളിൽ പ്രസിദ്ധീകരിച്ചു വന്നു.

വായന ആയിരുന്നു  വെറുതെ ഇരിക്കുമ്പോൾ എന്റെ പ്രധാന വിനോദം ജയിലിൽ..

മറ്റുള്ളവർ ക്രിക്കറ്റ് കാണുമ്പോൾ ഞാൻ ജയിലിലെ ലൈബ്രറിയിൽ വായനയിൽ മുഴുകി.

ജയിലിലെ എല്ലാവർക്കും എന്നെ ഇഷ്ടമായിരുന്നു..

അവരെ ഞാൻ എന്റെ കവിതകൾ ചൊല്ലി കേൾപ്പിച്ചു..

വേണു പതിയെ ബീച്ചിലൂടെ നടന്നു..

അവിടെയും ഇവിടെയും ചുറ്റിത്തിരിഞ്ഞ് ബസ്സ്റ്റാന്റിൽ എത്തിയപ്പോഴേക്കും ഒരു പാട് വൈകി..

ഇനി കോട്ടത്തേക്കുള്ള ബസ് പിടിക്കണം..

അവിടെ ഇവിടെയായി കുറച്ചു പേർ നിൽക്കുന്നുണ്ട്..

ചിലർ തെരുവ് വേശ്യകളോട് വില പേശിക്കൊണ്ടിരിക്കുന്നു...

അപ്പോഴാണ് ഒരു സ്ത്രീയെ ചിലർ ഉപദ്രവിക്കുന്നത് വേണു കണ്ടത്, വേണു അങ്ങോട്ട് ഓടി എത്തി, വേണുവിനെ കണ്ടതും അവർ ഓടി മാറി മറഞ്ഞു,

അവർ പരിചയപ്പെട്ടു, നന്ദി ചേട്ടാ എന്നെ രക്ഷിച്ചതിനു .. ഇന്നലെ നടന്ന ഒരു പൈസേടെ പ്രശ്നത്തിൽ അവന്മാർ എന്നെ .. അവൾ കരഞ്ഞു കൊണ്ട് മറുപടി ചൊല്ലി .. ആരാ അവന്മാർ വേണു ചോദിച്ചു , ബ്രോക്കർ മാരാ കമ്മീഷൻ കൂടുതൽ കൊടുക്കാത്തതിനാൽ പ്രശ്നവുമായി വന്നതാണ്. അവൻമാർ ഇനിയും വരുമോ, ഓഹ് ഇതൊക്കെ ഇതിൽ പതിവാണ് ചേട്ടാ .. വലിയ കാര്യമാക്കണ്ട ..അല്ല ചേട്ടൻ എങ്ങോട്ടാ ..?

"കോട്ടയത്തേക്ക്.. അയർകുന്നം അവിടെയാ വീട്.."

"ശരി.. വീട്ടിൽ ആരാ ഉള്ളേ..?"

"അമ്മ"  വേണു മറുപടിയായി പറഞ്ഞു.

"എന്റെ പേര് വീണ.. ഇവിടെ അടുത്ത് കരമനയാ വീട്..

പക്ഷെ അവിടെ അമ്മയില്ല.. കുറച്ചു നാൾ മുൻപ് എലിപ്പനി വന്നു മരിച്ചു..

വീടെന്നു പറയാനൊന്നും ഇല്ല  ഒരു കുടിൽ..

അതും പുറമ്പോക്ക് ഭൂമിയിൽ.."

"അച്ഛൻ ചെറുപ്പത്തിലേ എന്നെ വിട്ടു പോയി.. പിന്നെ വന്നില്ല.. ഞങ്ങൾ അന്വേഷിച്ചുമില്ല..

അമ്മ പറഞ്ഞു നല്ല ആളായിരുന്നു എന്ന് കേട്ടിട്ടുണ്ട്.."

വേണു തന്റെയും കഥ പറഞ്ഞു..

അത് കേട്ടപ്പോൾ വീണക്ക് അവനോട്

സഹതാപം.. അവന് തിരിച്ചും..

തന്നെക്കാൾ എത്രയോ മോശം അവസ്ഥയിലൂടെ കടന്നു പോകുന്ന ഒരാൾ..

ജീവിക്കാൻ വേണ്ടി സ്വന്തം ശരീരം വിൽക്കുന്നവൾ..

തനിക്ക് വീട്ടിൽ കാത്തിരിക്കാൻ ഒരാളെങ്കിലും ഉണ്ട്.. ഇവൾക്കോ ആരുമില്ല..

കണ്ടാൽ സുന്ദരി.. ഒരു 30 വയസ്സ് തോന്നും..

കണ്ടാൽ തന്റെ മുഖവുമായി നല്ല സാമ്യവും..

അവൾ വേണുവിന്റെ അടുത്ത് വന്നു ബെഞ്ചിലിരുന്നു..

അവർ തമ്മിൽ പരിചയപ്പെട്ടു..

എല്ലാ ദിവസവും പട്ടിണി ആയിരുന്നു..

അമ്മക്ക് ജോലിക്ക് പോകാൻ കഴിയാതെ വയ്യാതായി പോയി..

കെട്ടിടം പണിക്ക് പോയി  അവിടെ ഒരു നാൾ വീണു.. കിടപ്പിലായി പോയി..

അതോടെ എന്റെ പഠിത്തവും നിന്നു..

ആദ്യമൊക്കെ ബന്ധുക്കൾ സഹായിച്ചു.. പിന്നെ അതും നിന്നു..

അമ്മയുടെ സഹോദരി ആണ് പഠിത്തത്തിനൊക്കെ സഹായിച്ചത്..

“അച്ഛനെ അന്വേഷിച്ചു പോകരുത്” എന്ന് അമ്മ പറഞ്ഞിരുന്നു..

“ഒരു ദുഷ്ടൻ..”

അമ്മയും ചെറിയമ്മയും ഒരു തവണ കോട്ടയത്ത് അയാൾ ജോലി ചെയ്യുന്ന സ്ഥലത്തു പോയി അയാളെ കണ്ടിരുന്നു..

അന്നു അവരെ ആട്ടി ഓടിച്ചു എന്നാണ് ചെറിയമ്മ പറഞ്ഞത്..

“എന്നാലും ഒരു വട്ടം എങ്കിലും എനിക്കായാളെ ഒന്നു കാണണം..

കൊല്ലാനൊന്നുമല്ല.. എന്തിനാ ഞങ്ങളെ ചതിച്ചത് എന്ന് ചോദിക്കാൻ..”

ഇന്നിപ്പോൾ ചെറിയമ്മക്കും വയ്യാതെയായി..

അവർക്കു അവരുടെ കുടുംബം നോക്കേണ്ട അവസ്ഥയാണ്..

“എന്നോട് ഈ പണിക്കു പോകല്ലേ” എന്ന് ഒരു പാട് തവണ പറഞ്ഞതാ..

പക്ഷെ എനിക്കും അമ്മയ്ക്കും ജീവിച്ചു പോവാൻ കൂലിപ്പണിക്ക് പോയാൽ മതിയാകില്ല..”

വീണ കരഞ്ഞു കൊണ്ട് പറഞ്ഞു..

ഏജന്റ്മാരാണ് ലോഡ്ജ് ഒക്കെ റെഡിയാക്കി തരുന്നത്..

അവർ വഴി കസ്റ്റമേഴ്സ് വരുകയാണെങ്കിൽ അവർക്ക് കമ്മീഷൻ വേറെ കൊടുക്കണം..

രാവിലെ എഴുന്നേറ്റ് വീട്ടിലോട്ട് പോകും..

ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും ബംഗാളിൽ നിന്നുമൊക്കെ ധാരാളം വരുന്നത് കൊണ്ട് വരുമാനം കുറഞ്ഞു..

“എനിക്ക് അല്പം സൗന്ദര്യം ഉള്ളത് കൊണ്ട് ജീവിച്ചു പോകുന്നു..

ഇപ്പോൾ ഈ പണി ശീലമായി..”

വേണുവിനു എന്തോ അപ്പോൾ അവളുടെ അച്ഛന്റെ ഫോട്ടോ ചോദിക്കാൻ തോന്നി..

“വീണയുടെ അച്ഛന്റെ ഫോട്ടോ വല്ലതും ഉണ്ടോ..?”

“ആഹ് ഉണ്ട്.. ഒന്നു ഞാൻ ബാഗിൽ സൂക്ഷിക്കുന്നു  അച്ഛന്റെയും അമ്മയുടെയും കല്യാണ ഫോട്ടോ..”

വീണ അതെടുത്ത് വേണുവിനു നേരെ നീട്ടി..

അവന്റെ കാലിന്റെ അടിയിൽ നിന്നും തല വരെ ഒരു മിന്നൽ കടന്നു പോയി..

തന്റെ അച്ഛൻ..

തന്നെ  വീണയുടെ അച്ഛനും..

ഒരു നിമിഷം അയാൾ ചിന്തിച്ചു..

“ഇത് ഒരു നിയോഗം.. അല്ലെങ്കിൽ ഈശ്വരൻ എന്തിന് ഇവരെ എന്റെ മുൻപിൽ എത്തിച്ചു..”

ഇവരെ സംരക്ഷിക്കേണ്ടത് തന്റെ ഉത്തരവാദിത്തം ആണെന്ന് വേണുവിന് തോന്നി..

“അപ്പോൾ ശരി വേണു.. ഞാൻ അടുത്ത ആളെ നോക്കട്ടെ..”

അതാ വേണുവിന് പോകാനുള്ള ബസ് വന്നു..

“ഞാൻ പോകട്ടെ..”

അവൾ എഴുന്നേറ്റ് തിരിഞ്ഞു നടന്നു..

വേണു എഴുന്നേറ്റ് ഉറക്കെ വിളിച്ചു

‘പെങ്ങളേ.. ഒരു നിമിഷം നിൽക്കൂ..”

●

കഥ





ദീപ.എം.എൻ
95 26 78 34 53

# കുപ്പിവള

മീര ഞെട്ടി തിരിഞ്ഞു നോക്കി. ആരാണ് തന്റെ തോളിൽ തട്ടിയത് എന്നറിയാൻ തലയുയർത്തി നോക്കി. ആളെ മനസ്സിലായതും അവളുടെ കണ്ണുകളിൽ ആയിരം നക്ഷത്രങ്ങൾ ഒരുമിച്ച് തിളങ്ങി. എന്താ ഓർത്തിരിക്കണേ എന്റെ അമ്മുക്കുട്ടി, നിരഞ്ജന്റെ ചോദ്യം കേട്ട് അവളുടെ ഹൃദയം വേദനയാൽ നുറുങ്ങി.ഒരു നിമിഷം അവൾ കണ്ണുകളടച്ച് അവന്റെ കൈകൾ അമർത്തിപ്പിടിച്ചു. മീര തന്റെ ഭൂതകാലത്തിലേക്ക് ഊളയിടാൻ തുടങ്ങി. താൻ ആരാണ്, എന്താണ് തന്റെ ജീവിതം ഇങ്ങിനെ, ഓർമ്മവച്ച കാലം മുതൽ അവൾ ഓർത്തു. സ്നേഹവും കരുതലും എന്തെന്നറിയാത്ത ബാല്യം. ആരുടെയൊക്കെയോ കാരുണ്യത്താൽ ശൈശവവും ,കൗമാരവും കടന്നുപോയി. സ്വയം ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും തുടങ്ങിയ പ്രായത്തിൽ

ഒരുപാടുപദേശകർ. മീരയുടെ കണ്ണുകൾ നീർച്ചാലുകളായി ഒഴുകി കൊണ്ടിരിക്കുന്നു. ചുറ്റുമുള്ളതൊന്നും അവളെ ബാധിക്കുന്നില്ല. നിരഞ്ജന്റെ കരങ്ങളിൽ മുഖമമർത്തി വാടിയ താമരത്തണ്ടുപ്പോലെ അവൾ ഇരുന്നു. അവളെ തലോടികൊണ്ടവനും ഇരുന്നു. അപ്പോഴേക്കും അവളുടെ ഓർമ്മകൾ തന്റെ വിവാഹത്തിൽ എത്തിയിരുന്നു.മൂകമായ പ്രണയം. നഷ്ടസ്വപ്നങ്ങളെ ചേർത്ത് പിടിച്ചുകൊണ്ട് അവൾ കതിർമണ്ഡപത്തിലേക്ക്. വ്യത്യസ്തമായ ഒരു ലോകം അവിടെ അവൾ അന്യയായിരുന്നു. ജീവിതം വീണ്ടും അവളെ പരീക്ഷിച്ചു കൊണ്ടിരുന്നു.

പൊട്ടിത്തെറിച്ചും ,പരിഭവം പറഞ്ഞും, ആർത്തു ചിരിച്ചും അവൾ മുന്നോട്ടു പോയി.പെട്ടെന്ന് ഒരു ദിവസം കൊടുംങ്കാട്ടിൽ അകപ്പെട്ടതുപ്പോലെയായി അവൾ ചുറ്റും കൂരിരുട്ട് ദിക്കറിയാതെ അവൾ നിന്നു. എവിടെ നിന്നോ ആർജ്ജിച്ച ധൈര്യവുമായി അവൾ മുന്നോട്ട് നടക്കാൻ തുടങ്ങി. അവനറിയാമായിരുന്നു അവളുടെ മനസ്സിലെ കനൽ അതിൽ നിന്നും വരുന്ന ചൂടും മെല്ലെയവൻ അവളുടെ നെറുകയിൽ ചുണ്ടുകളമർത്തി അവന്റെ സ്നേഹം ഒന്നുകൂടി അവളിലേക്ക് ചൊരിഞ്ഞു. ചേർത്തു പിടിച്ച കരങ്ങളിലെ കരുതൽ ആവോളം അവൾ അറിഞ്ഞു. ഏകാന്തയാത്ര തുടർന്നുകോണ്ടേയിരുന്നു.

മീര തന്റെ ജീവിതം കുപ്പിവളകളോട് ഉപമിച്ചിരുന്നത്.കാരണം ചെറുപ്പത്തിൽ തനിക്ക് കിട്ടിയിരുന്ന വളകൾ കൈകളിലിട്ട് തുള്ളിച്ചാടി നടന്നിരുന്നതവൾ ഓർത്തു. രാത്രി ഉറങ്ങാൻ നേരവും അവൾ വളകളെ നോക്കി ചിരിച്ചു,, അതിന്റെ കിലുകില ശബ്ദവും കേട്ടുകൊണ്ട് ഉറങ്ങി. രാവിലെ എണീക്കുമ്പോൾ അവളുടെ കൈകളെല്ലാം ശൂന്യമായിരുന്നു. വളകളെല്ലാം പൊട്ടിച്ചിതറി പായയിൽ കിടക്കുന്ന ണ്ടാകും. നിറഞ്ഞ കണ്ണുകളോടെ അതെല്ലാം പെറുക്കിയെടുത്ത് സൂക്ഷിച്ചുവയ്ക്കും. ഒരിക്കലും കൂട്ടിച്ചേർക്കാനാകാത്ത വളപ്പൊട്ടുകളെ നോക്കി അവൾ പുഞ്ചിരിക്കാൻ പഠിച്ചു. അവളുടെ ലക്ഷ്യം പിന്നിടങ്ങോട്ട് നടക്കാതെ പ്പോയ സ്വപ്നങ്ങളായി മാറി. കടമയും കടപ്പാടും ഒരുപ്പോലെ അവളെ വരിഞ്ഞുമുറുക്കിയാലും പുഞ്ചിരിയോടെയെല്ലാം ഏറ്റെടുത്ത് മുന്നോട്ടുള്ള യാത്ര. അതിനിടയിലാണ് നിരഞ്ജന്റെ വരവ്.ഒരുപാടു തവണ മനസ്സു വിലക്കി.മനസ്സാൽ ചേർത്തു നിറുത്തിയ അവൻ അവളെ തന്റെ ഒപ്പം ചേർത്തു പിടിച്ചു.അവളുടെ കണ്ണും കാതും അവനായി മാറി.

മനസ്സിന്റെ ചെറിയ ഏറ്റക്കുറച്ചിലുകൾ അവർ പരസ്പരം അറിയാൻ തുടങ്ങിയിരിക്കുന്നു അവളുടെ പരിഭവങ്ങളും പരാതികളും കേൾക്കാനായി അവനിരുന്നു. ഏറെ സന്തോഷത്താൽ ഇങ്ങിനെ മുന്നോട്ടു യാത്ര തുടരുകയാണ് .ഒരിക്കലും ഒന്നിക്കാനാകാത്ത രണ്ട് ധ്രുവങ്ങളിൽ ഇരുന്ന് പരസ്പരം ചേർത്ത് പിടിച്ചു കൊണ്ട് .അമ്മൂ നീ എന്താ ആലോചിക്കണത് ഞാൻ ചോദിച്ചത് കേട്ടില്ലേ. നിരഞ്ജന്റ ശബ്ദം അവളെ ചിന്തയിൽ നിന്നും ഉണർത്തി. ഒരു ചോദ്യഭാവത്തോടെ മീര അവനെ നോക്കി. കണ്ണുകളടച്ചു കൈകൾ നീട്ടൂ നിരഞ്ജൻ മീരയോട് പറഞ്ഞു. കണ്ണുകളടച്ച് ഒരു ചെറുചിരിയോടെ അവൾ കൈകൾ നീട്ടി. അവൻ അവളുടെ കൈകൾക്കുള്ളിൽ നിറയെ കുപ്പിവളകൾ വച്ചു കൊടുത്തു,,,

സാവധാനം കണ്ണുകൾ തുറന്ന മീരയുടെ മിഴികൾ വീണ്ടും പെയ്യാൻ തുടങ്ങി. അൽപം ഭയത്തോടെയും, എന്നാൽ ഇരട്ടി സ്നേഹത്തോടെയും അവൾ ആ കുപ്പിവളകളെ ചേർത്തു പിടിച്ചു. പൊട്ടിച്ചിതറിയ കുപ്പിവളകൾ പോലെയാകില്ല നമ്മുടെ മുന്നോട്ടുള്ള യാത്ര എന്നു പറഞ്ഞ് നിരഞ്ജൻ മീരയെ തന്റെ നെഞ്ചോട് ചേർത്തു പിടിച്ച് നെറ്റിയിലും. നെറുകയിലും ചുണ്ടുകൾ അമർത്തി.മീര തന്റെ കുപ്പിവളകൾ ചേർത്ത് പിടിച്ച് കുറുകുന്ന പ്രാവുപോൽ നിരഞ്ജന്റ മാറിൽ ചേർന്ന് നിന്ന് മറ്റൊരു സ്വപ്നത്തിലേക്ക് യാത്രയായി.

# കാക്കകളുടെ ഐക്യം
## പക്ഷിലോകത്തെ മാതൃക

ലേഖനം

കമാൽ റഫീഖ്
9846249553

**പ**ക്ഷിലോകത്ത് ബുദ്ധിശക്തി കൊണ്ടും സാമൂഹിക ബോധം കൊണ്ടും ഏറെ ശ്രദ്ധിക്കപ്പെട്ട ഒരു പക്ഷിയാണ് കാക്ക. മനുഷ്യർ പലപ്പോഴും കാക്കകളെ വെറുമൊരു സാധാരണ പക്ഷിയായി മാത്രം കാണുമ്പോൾ, അവയുടെ ജീവനശൈലി പരിശോധിച്ചാൽ അത്ഭുതകരമായ പല കാര്യങ്ങളും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കാക്കകളുടെ ഐക്യവും കൂട്ടായ്മയും. മനുഷ്യൻ ഇന്ന് ജാതിയുടെയും മതത്തിന്റെയും പേരിൽ വേർതിരിഞ്ഞ് ജീവിക്കുമ്പോൾ, കാക്കകളുടെ ലോകത്ത് ഈ വക വേർതിരിവുകളൊന്നുമില്ല. അവർക്കിടയിൽ ജാതിയോ മതമോ, മേലാള-കീഴാള ഭാവമോ, പണക്കാരൻ-പാവപ്പെട്ടവൻ എന്ന മനുഷ്യന്റെ അഹങ്കാരമോ ഇല്ല. ഒരേയൊരു വർഗ്ഗമായി, തുല്യരായി ജീവിക്കുക എന്ന മനോഹരമായ പാഠമാണ് അവ മനുഷ്യനെ ഓർമ്മിപ്പിക്കുന്നത്.

അതുകൊണ്ടുതന്നെ, മതത്തിന്റെ പേരിലും ജാതിയുടെ പേരിലും മനുഷ്യരെ പരസ്പരം വിഘടിപ്പിച്ച്, അതിൽ നിന്നും രാഷ്ട്രീയനേട്ടം കൊയ്യുന്നവർക്ക് കാക്കയുടെ ജീവിതം വലിയൊരു പാഠപുസ്തകമാണ്. മനുഷ്യൻ തന്റെ സ്വാർത്ഥ ലാഭങ്ങൾക്കായി സഹജീവികളെ ശത്രുക്കളാക്കി മാറ്റുമ്പോൾ, ഒരു ചെറുപക്ഷിയായ കാക്ക പ്രകൃതിയുടെ വലിയൊരു സത്യം നമുക്ക് മുന്നിൽ കാട്ടിത്തരുന്നു'വിഭാഗീയതയല്ല, ഒത്തൊരുമയാണ് നിലനിൽപ്പിന്റെ ആധാരം'.

കാക്കകളുടെ ഈ ഐക്യം ഏറ്റവും കൂടുതൽ പ്രകടമാകുന്നത് അവയിലൊന്നിന് എന്തെങ്കിലും അപകടം സംഭവിക്കുമ്പോഴാണ്. ഒരു കാക്ക എവിടെയെങ്കിലും വെച്ച് അപകടത്തിൽ പെടുകയോ ആക്രമണം നേരിടുകയോ ചെയ്താൽ, അത് ഉച്ചത്തിൽ ശബ്ദമുണ്ടാക്കാൻ തുടങ്ങും. ഈയൊരു വിളി കേട്ടാലുടൻ, മറ്റെല്ലാം മറന്ന് ചുറ്റുവട്ടത്തുള്ള എല്ലാ കാക്കകളും ഒത്തുചൂടുകയും ഒന്നിച്ച് ശത്രുവിനെ തുരത്താൻ ശ്രമിക്കുകയും ചെയ്യും.

ഏതെങ്കിലും ഒരു കാക്ക ചത്തുപോയാൽ പോലും, നൂറുകണക്കിന് കാക്കകൾ വന്ന് വട്ടമിട്ടു പറന്ന് ശബ്ദമുണ്ടാക്കുന്നത് നാം കാണാറുണ്ട്. ശാസ്ത്രജ്ഞർ ഇതിനെ 'കാക്കകളുടെ ശവസംസ്കാര ചടങ്ങ്' എന്നാണ് വിശേഷിപ്പിക്കുന്നത്. അപകടത്തിന്റെ കാരണം മനസ്സിലാക്കാനും പരസ്പരം മുന്നറിയിപ്പ് നൽകാനുമാണ് അവ ഇങ്ങനെ ചെയ്യുന്നത്.

അതുപോലെതന്നെ, കാക്കകൾ ആഹാരം കണ്ടെത്തിയാൽ അത് ഒറ്റയ്ക്ക് കഴിക്കാൻ മടിക്കുന്നവയാണ്. ഒരു കാക്കയ്ക്ക് വലിയൊരു ആഹാരക്കഷ്ണം ലഭിച്ചാൽ, അത് മറ്റ് കാക്കകളെ ശബ്ദമുണ്ടാക്കി വിളിച്ചുകൂട്ടി ഒന്നിച്ച് പങ്കിട്ടു കഴിക്കുന്നത് കാണാം.

അധികാരത്തിനും പണത്തിനും വേണ്ടി സഹോദരനെപ്പോലും ചതിക്കുന്ന മനുഷ്യർക്ക് മുന്നിൽ, സ്വാർത്ഥതയില്ലാതെ ജീവിക്കാൻ അവ നമ്മെ പഠിപ്പിക്കുന്നു. തങ്ങളേക്കാൾ വലിപ്പമുള്ള പരുന്ത്, മൂങ്ങ തുടങ്ങിയ പക്ഷികൾ പ്രദേശത്ത് എത്തിയാൽ കാക്കകൾ കൂട്ടത്തോടെ ചെന്ന് അവയെ ആക്രമിക്കാറുണ്ട്. ഒറ്റയ്ക്ക് നിന്നാൽ പരാജയപ്പെടുമെന്ന് അറിയാവുന്നതുകൊണ്ട്, അവ 'സംഘബോധം' എന്ന ആയുധമാണ് ഇവിടെ പ്രയോഗിക്കുന്നത്. എത്ര വലിയ ശത്രുവാണെങ്കിലും കൂട്ടായ ആക്രമണത്തിന് മുന്നിൽ അവർക്ക് പിന്തിരിഞ്ഞോടേണ്ടി വരുന്നു.

മനുഷ്യർക്കിടയിൽ സ്വാർത്ഥതയും ജാതി-മത-രാഷ്ട്രീയ വ്യത്യാസങ്ങളും വർദ്ധിച്ചുവരുന്ന ഈ ആധുനിക കാലത്ത്, കാക്കകളുടെ ജീവിതം നമുക്കൊരു വലിയ മാതൃകയാണ്. 'ഐക്യമത്യം മഹാബലം' എന്ന തത്വം പക്ഷിലോകത്ത് ഏറ്റവും മനോഹരമായി നടപ്പിലാക്കുന്നത് കാക്കകളാണ്. മനുഷ്യന്റെ സങ്കുചിത ചിന്തകൾക്കപ്പുറം, പരസ്പരം സഹായിച്ചും ആപത്തിൽ കൂടെ നിന്നും അവ പുലർത്തുന്ന ഈ കൂട്ടായ്മ നാം ഓരോരുത്തരും ജീവിതത്തിൽ പകർത്തേണ്ടതാണ്. ●

രവീന്ദ്രൻ മലയങ്കാവ് 9847930528

**കൃതി : രണ്ടാം വരവ് (നോവൽ)**
**ഗ്രന്ഥകർത്താവ് : കൃഷ്ണകുമാർ മാപ്രാണം**

# 'രണ്ടാം വരവ്' – സ്വത്വം നഷ്ടപ്പെട്ടവരുടെ സ്വപ്നം

**ക**വിയും കഥാകൃത്തുമായ കൃഷ്ണകുമാർ മാപ്രാണത്തിന്റെ ആദ്യനോവലാണ് രണ്ടാംവരവ്. ജീവിതമെന്ന പ്രഹേളിക നമ്മളെ പാവകളെപ്പോലെ അമ്മാനമാടുമ്പോൾ നമുക്ക് നിസ്സഹായരാകാൻ മാത്രമേ കഴിയുകയുള്ളൂ എന്ന ശാശ്വതമായ സത്യത്തിന് നാം നൽകേണ്ടിവരുന്ന വില നമ്മുടെ ജീവിതം തന്നെയാണ് എന്നതാണ് വാസ്തവം.

മുന്നേക്കൂട്ടി പ്രോഗ്രാം ചെയ്തുവെച്ചിരിക്കുന്നതുപോലെയാണ് ഓരോ സംഭവങ്ങളും ജീവിതത്തിലുണ്ടാകുന്നത്. എത്ര അനായാസമായി ജീവിതം നയിക്കുമ്പോഴും അവിചാരിതമെന്നോണം കടന്നുവരുന്ന പ്രതിസന്ധികൾ പലപ്പോഴും നമ്മെ അമ്പരിപ്പിക്കാറില്ലേ. അങ്ങനെയൊരു അമ്പരപ്പാണ് രണ്ടാംവരവിലെ ഉണ്ണി നേരിടുന്നത്–

ഒരുദിവസം രാവിലെ ഉണ്ണി തന്റെ നാട്ടിലേക്ക് എത്തുമ്പോൾ, ആദ്യം നാട്ടുകാരും പിന്നെ വീട്ടുകാരും അയാളെ തിരിച്ചറിയുന്നില്ല. പെങ്ങൾ, അമ്മ, അച്ഛൻ, അടുത്തിഴപഴകിയിരുന്ന കാമുകിയായിരുന്നവൾ.... എല്ലാവരും തന്നെ അപരിചിതനായി കാണുന്നു. തന്റെ സ്വത്വം നഷ്ടപ്പെട്ട അയാൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ പറഞ്ഞറിയിക്കാൻ കഴിയില്ല. നമ്മൾ നമ്മളാണ് എന്ന് സ്വയം തെളിവുനൽകേണ്ട അവസ്ഥ അത്യന്തം ഭയാനകമാണ്. ഐ.ടി. മേഖലയിലെ ജോലിക്കാരനായ അയാൾ തിരിച്ചുപോകുന്നു.

അയാൾ തിരിച്ച് തന്റെ സ്ഥാപനത്തിലെത്തുമ്പോൾ സെക്യൂരിറ്റി ജീവനക്കാരൻ അയാളെ തടയുന്നു. സഹപ്രവർത്തകരും കൂട്ടുകാരി ജലജയുൾപ്പെടെയുള്ളവർ അയാളെ തിരിച്ചറിയുന്നില്ല, അയാൾ ഹതാശനായി ജീവിതത്തിൽ നിന്ന് ഇറങ്ങി നടക്കുന്നു.

അതിനുശേഷമുള്ള ഭാഗമാണ് നോവലിന്റെ ക്ലൈമാക്സ്. മുമ്പു സൂചിപ്പിച്ചിട്ടുള്ള സംഭവങ്ങൾക്കെല്ലാം നേർവിപരീതമെന്നോണം ഉണ്ണിയെന്ന കഥാപാത്രം വളരുന്നു. പഞ്ചമൻ എന്ന നോവലിസ്റ്റിന്റെ കഥാഖ്യാനത്തിലൂടെ ഉണ്ണിക്ക് മറ്റൊരു ഡയമെൻഷൻ ലഭിക്കുന്നു. പഞ്ചമന് തന്റെ എഴുത്തിലൂടെ അംഗീകാരങ്ങൾ ലഭിക്കുന്നു. നോവലിസ്റ്റും കഥാപാത്രവും ആദരിക്കപ്പെടുന്നു. കഥാഭൂമികയായ തിരുപ്പുരഗ്രാമം ലോകശ്രദ്ധ നേടുന്നു.

ഉണ്ണിയെന്ന കഥാപാത്രത്തിന് തനിക്കു നഷ്ടപ്പെട്ടതെല്ലാം തിരിച്ചുകിട്ടുന്നു. അച്ഛൻ, അമ്മ, പെങ്ങൾ, പഴയ കാമുകി, താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിലെ കൂട്ടുകാരി, നാട്ടിലെ ആളുകൾ..... അങ്ങനെ എല്ലാവരും അയാളെയോർത്ത് അഭിമാനിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. ഒരു ഫാന്റസി മോഡിലാണ് പഞ്ചമനെന്ന നോവലിസ്റ്റിനെപ്പോലെ കൃഷ്ണകുമാർ മാപ്രാണവും കഥ പറയുന്നത്. ഓരോ അദ്ധ്യായത്തിലും ആകാംക്ഷ നിലനിർത്തി പാരായണക്ഷമതയോടെ നോവൽ രചിച്ചിരിക്കുന്നു.

ഒരു മനുഷ്യന്റെ രണ്ട് അവസ്ഥകളിൽ ഏതേതെല്ലാം വിധത്തിലാണ് ആളുകൾ; കുടുംബാംഗങ്ങൾപോലും പെരുമാറുന്നത് എന്ന് നമ്മൾ അത്ഭുതപ്പെടും. മോശംകാലത്ത് എല്ലാം നമുക്ക് എതിരാകുകയും നല്ല കാലത്ത് എല്ലാം അനുകൂലമായി ഭവിക്കുകയും ചെയ്യും എന്ന സത്യം വിളിച്ചുപറയുന്ന നോവലാണ് 'രണ്ടാം വരവ്'. നമ്മൾ ഭീതിയോടെ നേരിടേണ്ടിവരുന്ന നഗ്നസത്യങ്ങളെ തുറന്നുകാണിക്കുന്നു. തീർച്ചയായും വായിച്ചിരിക്കേണ്ട നോവലാണിത്. ഫോറസ്റ്റ് ബുക്സാണ് പ്രസാധകർ.




### കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച
94462 30972








**എംറിൻ റോസ് N. J**
6- ക്ലാസ്
സേക്രഡ് ഹാർട്ട് സ്കൂൾ, തൃശൂർ






**അർഹിതാ രാജേഷ്**
5th Std ജിയുപിഎസ് വരടിയം






**അതിഥി രാജേഷ്**
5th ജി യുപിഎസ് വരടിയം.



**DWIVIK VARMA CK**
3 A
Anmmups തളി




ഗായത്രി കെ.എം
5thstd
BSS ഗുരുകുലം സ്കൂൾ ആലത്തൂർ



ഇഷ. ടി.ജെ
യു.കെ.ജി
വിധ്യാ വിഹാർ സെൻട്രൽ സ്കൂൾ ചിറ്റാട്ടുകര




**ജോഷ് വിൻ N. J**
3- ക്ലാസ്
സെന്റ് മേരിസ് സിബിപിഎസ്
കൊട്ടേക്കാട്



**സാത്വിക് കൃഷ്ണ ടി. എൻ**
ക്ലാസ്സ് 1
എസ്. ഡി. എസ്. എൽ. പി. എസ്.,
വെളപ്പായ



**സൗരവ് എം.കെ**
6 th Std
ശ്രീവ്യാസ വിദ്യാനികേതൻ സ്കൂൾ
പുഴക്കര, എരമംഗലം



**Zanha fathima Shabeer.R.S**
St: Thomas LP School,
ENGANDIYUR.





**Ziya Fathima Shabeer.R.S**
St: Thomas LP School,
engandiyur.